compose.kerala.gov.in
egazette.kerala.gov.in
printing.kerala.gov.in

Regn.No. KERBIL/2012/45073
dated 2012-09-05 with RNI
Reg No.KL/TV(N)/634/2021-2023

കേരള സർക്കാർ
GOVERNMENT OF KERALA

# കേരള ഗസറ്റ്
# KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

PUBLISHED BY AUTHORITY

ചൊവ്വ, 2025 നവംബർ 11
**Tuesday, 11th November 2025**

1201 തുലാം 25
**25th Thulam 1201**

1947 കാർത്തികം 20
**20th Karthika 1947**

വാല്യം 14
**Vol. XIV**

നമ്പർ / No. **45**

## Part III

## Revenue Department

©
കേരള സർക്കാർ
GOVERNMENT OF KERALA
2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## തിരുവനന്തപുരം ജില്ലാ കളക്ടറുടെ നടപടിക്രമം

(ഹാജർ: ANU KUMARI IAS)

നമ്പർ DCTVM/1105/2025-B20. 2025 ഒക്ടോബർ 10.

വിഷയം:—ഭൂമിയുടെ ന്യായവില നിശ്ചയിച്ചതിൻമേലുള്ള അപ്പീൽ അപേക്ഷ തീർപ്പാക്കി ഉത്തരവാകുന്നത്—സംബന്ധിച്ച്.

പരാമർശം:—(1) ശ്രീമതി സമീന ഈ കാര്യാലയത്തിൽ സമർപ്പിച്ച അപ്പീൽ അപേക്ഷ.

(2) തിരുവനന്തപുരം സബ് കളക്ടറുടെ 25-7-2025-ലെRDOTVM/846/2025-K2 നമ്പർ കത്ത്.

വർക്കല താലൂക്കിൽ വെട്ടൂർ വില്ലേജിൽ ബ്ലോക്ക് 6-ൽ റീസർവ്വേ നമ്പർ 124/31, 142/9-1-ൽ ഉൾപ്പെട്ട വസ്തുവിന് നിശ്ചയിച്ചിട്ടുള്ള ന്യായവില കേരള സ്റ്റാമ്പ് (ഫിക്സേഷൻ ഓഫ് ഫെയർ വാല്യൂ ഓഫ് ലാന്റ്) റൂൾ 1995 പ്രകാരം പുനഃപരിശോധിച്ചു കുറവ് ചെയ്ത് നൽകുന്നതിനായി ശ്രീമതി സമീന പരാമർശം (1) പ്രകാരം ഈ കാര്യാലയത്തിൽ അപ്പിൽ അപേക്ഷ സമർപ്പിച്ചു. നിലവിലെ ഫെയർ വാല്യൂ റിക്കാർഡുകൾ പ്രകാരം റീസർവ്വേ 124/31-ൽപ്പെട്ട ഭൂമിക്ക് "Commercially Important Plot" എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി ആർ ഒന്നിന് ₹ 7,92,000 റീസർവ്വേ 142/9-1-ൽപ്പെട്ട ഭൂമിക്ക് "Residential plot with Corpn./Municipality/Panchayath road access" എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി ആർ ഒന്നിന് ₹ 66,000 രേഖപ്പെടുത്തിയിട്ടുള്ളതാണ്. തുടർന്ന് കക്ഷിയുടെ അപേക്ഷയിൻമേൽ, തിരുവനന്തപുരം സബ് കളക്ടറിൽ നിന്നും റിപ്പോർട്ട് ആവശ്യപ്പെടുകയും ആയത് പരാമർശം (2) പ്രകാരം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

വർക്കല താലൂക്കിൽ വെട്ടൂർ വില്ലേജിൽ ബ്ലോക്ക് 6-ൽ റീസർവ്വേ നമ്പർ 124/31-ൽ ഉൾപ്പെട്ട അപേക്ഷ ഭൂമിയുടെ സമാന സമീപ വസ്തുക്കളായി പരിഗണിച്ചിട്ടുള്ള റീസർവ്വേ 125/11, 125/19, 125/23-ൽ ഉൾപ്പെട്ട ഭൂമിയെ ഒന്നാം ഗണത്തിൽ ഉൾപ്പെടുത്തി 2010 പ്രാബല്യത്തിൽ ആർ ഒന്നിന് ₹ 80,000-ം ആയത് നാളതു വർദ്ധനവോടു കൂടി ആർ ഒന്നിന് ₹ 2,11,200-ം ന്യായവില നിശ്ചയിക്കാമെന്നും പരാമർശം (2) ശുപാർശ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബോധ്യപ്പെട്ടിട്ടുള്ളതാണ്. റീസർവ്വേ 142/9-1 നമ്പരിൽപ്പെട്ട വസ്തുവിന് Residential Plot with Corp./Mun./Panch. road access-ൽ നിലവിൽ നിശ്ചയിച്ചിട്ടുള്ള ₹ 66,000 തന്നെ കണക്കാക്കാവുന്നതാണ് എന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

തുടർന്ന് അപ്പീൽ അപേക്ഷയിൻമേൽ തീരുമാനം കൈക്കൊള്ളുന്നതിലേക്കായി അപ്പീൽ കക്ഷിയെ 6-10-2025-ൽ നേരിൽ കേൾക്കുകയും മൊഴി രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ബന്ധപ്പെട്ട രേഖകളും റിക്കാർഡുകളും പരിശോധിച്ചതിൻ പ്രകാരവും പരാമർശം (1), (2) റിപ്പോർട്ടുകൾ പരിഗണിച്ചും പരാമർശം (1) അപ്പീൽ അപേക്ഷയിൻമേൽ ചുവടെ ചേർക്കും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

### ഉത്തരവ്

വർക്കല താലൂക്കിൽ വെട്ടൂർ വില്ലേജിൽ ബ്ലോക്ക് 6-ൽ റീസർവ്വേ നമ്പർ 124/31-ൽ ഉൾപ്പെട്ട വസ്തുവിന്റെ ന്യായവില പുനർ നിർണ്ണയിച്ചു നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പരാമർശം (1) പ്രകാരം ശ്രീമതി സമീന സമർപ്പിച്ച അപ്പീൽ അപേക്ഷ പരിഗണിച്ചും, വർക്കല താലൂക്കിൽ വെട്ടൂർ വില്ലേജിൽ ബ്ലോക്ക് 6-ൽ റീസർവ്വേ നമ്പർ 124/31 വസ്തുവിനെ (Commercially Important Land) എന്ന ഒന്നാം ഗണത്തിൽ ഉൾപ്പെടുത്തി ആർ ഒന്നിന് ₹ 80,000 (എൺപതിനായിരം രൂപ)-ം ആയത് നാളതു വർദ്ധനവോടുകൂടി ആർ ഒന്നിനു ₹ 2,11.200 (രണ്ടു ലക്ഷത്തി പതിനൊന്നായിരത്തി ഇരുനൂറു രൂപ)-ം ന്യായവില നിശ്ചയിച്ചും റീസർവ്വേ നമ്പർ 142/9-1-ൽപ്പെട്ട വസ്തുവിന് നിലവിൽ നിശ്ചയിച്ചിട്ടുള്ള ന്യായവില നിലനിർത്തിക്കൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

കളക്ടറേറ്റ്, (ഒപ്പ്)
തിരുവനന്തപുരം. ജില്ലാ കളക്ടർ.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## KOLLAM DISTRICT

പുനലൂർ റവന്യൂ ഡിവിഷണൽ ആഫീസറുടെ നടപടിക്രമം

(ഹാജർ : സുരേഷ് ബാബു, ജി.)

നമ്പർ RDOPLR/1293/2025-F. 2025 നവംബർ 1.

വിഷയം:—പുനലൂർ സബ് ഡിവിഷൻ—പുനലൂർ താലൂക്ക്—പുനലൂർ വില്ലേജ്—2010-ലെ ന്യായവില രജിസ്റ്ററിൽ സർക്കാർ എന്ന് വന്നിട്ടുള്ള ഭൂമിയുടെ ന്യായവില/ ഫെയർ വാല്യൂ, ക്ലാസ്സിഫിക്കേഷൻ-പുനർനിർണ്ണയിച്ച് ഉത്തരവാകുന്നത്—സംബന്ധിച്ച്.

സൂചന:—(1) ശ്രീമതി വിദ്യ, ബാങ്ക് മാനേജർ, കാനറ ബാങ്ക്, ടൗൺ ബ്രാഞ്ച്, പുനലൂർ എന്നവർ സമർപ്പിച്ച അപേക്ഷ.

(2) പുനലൂർ തഹസിൽദാരുടെ 2-5-2025, 31-8-2025 തീയതികളിലെ TLKPLR/365/2025-B5 നമ്പർ റിപ്പോർട്ടുകൾ.

(3) പുനലൂർ വില്ലേജ് ഓഫീസറുടെ 25-1-2025, 26-6-2025, 16-7-2025 തീയതികളിലെ യഥാക്രമം 26/25, VOPNLR/82/2025-2, 321/25 നമ്പർ റിപ്പോർട്ടുകൾ.

(4) ഈ കാര്യാലയത്തിൽ നിന്നും നടത്തിയ 10-10-2025-ലെ സ്ഥല പരിശോധന.

(5) കേരള മുദ്രപത്ര നിയമം 1959 സെക്ഷൻ 28A ചട്ടം 5(4).

(6) ബഹു. കേരള ലാൻഡ് റവന്യൂ കമ്മീഷണറുടെ 11-2-2019 തീയതിയിലെ LA3-54647 നമ്പർ പരിപത്രം.

(7) 14-11-2014-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 188/2014/റ്റി. ഡി.

(8) 31-3-2018-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 43/2018/റ്റി. ഡി (S.R.O. No. 186/2018).

(9) 30-4-2019-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 70/2019/റ്റി. ഡി. (S.R.O. No. 311/2019).

(10) 31-3-2020-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 47/2020/റ്റി.ഡി. (S.R.O. No. 266/2020).

(11) 30-3-2022-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 29/2022/റ്റി.ഡി. (S.R.O. No. 305/2022).

(12) 25-3-2023-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 45/2023/റ്റി. ഡി. (S.R.O. No. 420/2023).

പുനലൂർ സബ് ഡിവിഷനിൽ പുനലൂർ താലൂക്കിൽ പുനലൂർ വില്ലേജിൽ സർവ്വേ നമ്പർ 404/1-54-B-ൽപ്പെട്ട വസ്തുവിന്റെ ഫെയർ വാല്യൂ/ക്ലാസിഫിക്കേഷൻ എന്നിവ പുനർ നിർണ്ണയിക്കുന്നതിന് ശ്രീമതി വിദ്യ, ബാങ്ക് മാനേജർ, കാനറ ബാങ്ക് എന്നവർ സൂചന (1) പ്രകാരം സമർപ്പിച്ച അപേക്ഷയിൻമേൽ തഹസിൽദാർ, വില്ലേജ് ഓഫീസർ എന്നിവർ സൂചന (2), (3) പ്രകാരം റിപ്പോർട്ടും അനുബന്ധ രേഖകളും സമർപ്പിച്ചിട്ടുള്ളതാണ്. തുടർന്ന് ടി വസ്തുവിന്റെ ന്യായവില നിർണ്ണയം സംബന്ധിച്ച് സ്ഥല പരിശോധന സൂചന (4) പ്രകാരം നടത്തിയിട്ടുള്ളതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | | |
|---|---|---|
| അപേക്ഷ വസ്തു | — | സർവ്വേ നമ്പർ-404/1-54-B. 1.62 ആർ പുരയിടം |
| ആധാരം | — | പുനലൂർ സബ് രജിസ്ട്രാർ ഓഫീസിലെ 2236/2011 നമ്പർ വിലയാധാരം, പുനലൂർ വില്ലേജിൽ സർവ്വേ നമ്പർ 404/1-54-ൽപ്പെട്ട 1.62 ആർ പുരയിടം ഇനത്തിൽപ്പെട്ട വസ്തു. |
| മുന്നാധാരങ്ങൾ | — | പുനലൂർ സബ് രജിസ്ട്രാർ ഓഫീസിലെ 3097/1980, 166/1993, 1705/2007, 3408/2007, 776/2008, 124/2011-വിലയാധാരങ്ങൾ |
| തണ്ടപ്പേർ നമ്പർ, തണ്ടപ്പേർ കക്ഷി | — | 23499, പുനലൂർ വില്ലേജിൽ കൈപ്പള്ളിൽ വീട്ടിൽ ശ്രീ. പ്രദീപ് കുമാർ, ടിയാൻ ഭാര്യ ശോഭാ പ്രദീപ് എന്നിവർ |
| ബി ടി ആർ പ്രകാരമുള്ള വിവരങ്ങൾ | | സർവ്വേ നമ്പർ-404/1-54 വിസ്തീർണ്ണം-30 സെന്റ്, സർക്കാർ തരിശ്. പുനലൂർ സ്പെഷ്യൽ തഹസിൽദാരുടെ 13-11-1964 തീയതിയിലെ LAC-35/1964 നമ്പർ പട്ടയ പ്രകാരം ടി വസ്തു പുനലൂർ ചെമ്മന്തൂർ കിഴക്കേ ചരുവിള വീട്ടിൽ ഗോവിന്ദൻ, പദ്മനാഭൻ, കുഞ്ഞുലക്ഷ്മി എന്നിവർ പേരിൽ വന്നിട്ടുള്ളതാണ്. |
| മഹസർ പ്രകാരമുള്ള വിവരങ്ങൾ | | ആസ്ബെസ്ടോസു ഷീറ്റ് മേഞ്ഞ നാലുമുറി വീട് നിൽക്കുന്ന ടി വസ്തു മുൻസിപ്പൽ റോഡിനു ചേർന്ന് സ്ഥിതി ചെയ്യുന്നു. |

കാനറ ബാങ്ക്, പുനലൂർ ടൌൺ ബ്രാഞ്ചിൽ നിന്നും തണ്ടപ്പേർ കക്ഷികൾ ലോൺ എടുത്തിരുന്നതും ടി ലോൺ തിരിച്ചടയ്ക്കാത്തതിനാൽ ടി വസ്തു സർഫസി ആക്ട് 2002 പ്രകാരം ടി ബാങ്ക് ഏറ്റെടുത്തു 30-11-2024 തീയതിയിൽ നടത്തിയ പൊതു ലേലത്തിൽ 6,55,000 രൂപക്ക് ശ്രീമതി ബിന്ദു, മനോഹരൻ ഭാര്യ, ശിവ കൃപ, കോമളംകുന്ന്, പുനലൂർ എന്നവർ ലേലം കൊണ്ടിട്ടുള്ളതും ടിയാൾ പേരിൽ Sale Certificate അനുവദിച്ചിട്ടുള്ളതുമാണ്. 2010-ലെ ന്യായവില രജിസ്റ്റർ പ്രകാരം അപേക്ഷാ വസ്തു ഉൾപ്പെട്ടു വരുന്ന സർവ്വേ നമ്പർ 404/1-54-ൽപ്പെട്ട വസ്തുവിന് Government Property എന്ന ക്ലാസ്സിഫിക്കേഷനിൽ ₹ 1 ന്യായവിലയും/ഫെയർ വാല്യൂ വന്നിട്ടുള്ളതിനാൽ ടി വസ്തു ലേലത്തിൽ പിടിച്ച ശ്രീമതി ബിന്ദു പേരിൽ നിയമാനുസൃതം രജിസ്റ്റർ ചെയ്തു നൽകാൻ കഴിയുന്നില്ല എന്നും ആയതിനാൽ ടി വസ്തുവിന്റെ ക്ലാസ്സിഫിക്കേഷൻ പുനർ നിർണ്ണയിച്ച് നൽകണമെന്ന് സൂചന (1) അപേക്ഷയിൽ പറഞ്ഞിരിക്കുന്നു.

പട്ടയ പ്രകാരം സ്വകാര്യ വസ്തുവായി വന്നിട്ടുള്ള അപേക്ഷ വസ്തു നിയമാനുസൃതമുള്ള ആധാരങ്ങൾ പ്രകാരം പോക്ക് വരവ് സബ് ഡിവിഷൻ പ്രകാരം വന്നിട്ടുള്ളതാണ് എന്ന് കാണുന്നു. ടി വില്ലേജിൽ സർവ്വേ നമ്പർ 404/1-16-38-ൽപ്പെട്ട വസ്തുവിന് 2010-ലെ ഫെയർ വാല്യൂ പ്രകാരം ഒരു ആർന് ന്യായവില/ഫെയർ വാല്യൂ 24,710 (ഇരുപത്തിനാലായിരത്തി എഴുന്നൂറ്റിപത്ത്) രൂപയും Residential plot with private road access എന്ന ക്ലാസ്സിഫിക്കേഷനും അനുവദിച്ച് നൽകിയിട്ടുണ്ട്. അപേക്ഷ വസ്തുവിന്റെ ന്യായവിലയും ക്ലാസ്സിഫിക്കേഷനും പുനർ നിർണ്ണയിക്കുന്നതിനു അപേക്ഷ വസ്തുവിന് സമീപത്ത് ഒരേ റോഡ് പ്രാധാന്യത്തിൽ നിലവിൽ കോൺക്രീറ്റ് ചെയ്ത മൂന്നു മീറ്റർ മുൻസിപ്പൽ റോഡായി സ്ഥിതി ചെയ്യുന്ന ടി വസ്തു സമവും സമാനവുമായ അടിസ്ഥാന വസ്തുവായി പരിഗണിച്ച് Residential Plot With Municipal Road access-എന്ന ക്ലാസ്സിഫിക്കേഷനിൽ 2010-ലെ ഫെയർ വാല്യൂ പ്രകാരമുള്ള ഒരു ആർ-ന് 24,710 രൂപ ന്യായ വില അനുവദിച്ചു നൽകാമെന്ന് സൂചന (2), (3) റിപ്പോർട്ടുകൾ പ്രകാരം ശുപാർശ ചെയ്തിരിക്കുന്നു.

അപേക്ഷ സ്ഥലം വെട്ടിപ്പുഴ-ചെമ്മന്തൂർ എം. എൽ. എ. റോഡിൽ വെട്ടിപ്പുഴ ജംഗ്ഷനിൽ നിന്നും 250 മീറ്റർ പടിഞ്ഞാറ് നിന്നും തെക്ക് കോമളംകുന്ന് ഭാഗത്തേക്ക് പോകുന്ന മുൻസിപ്പൽ റോഡിൽ ഏകദേശം 400 മീറ്റർ മാറി നിരപ്പത്ത് എന്ന സ്ഥലത്ത് ടി റോഡിൽ നിന്നും

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ചെമ്മന്തൂരിലേക്ക് പോകുന്ന ഏകദേശം 3 മീറ്റർ വീതിയുള്ള മുൻസിപ്പൽ റോഡിന് തെക്ക് ഭാഗത്തായി സ്ഥിതിചെയ്യുന്നു. അപേക്ഷ വസ്തുവും സമീപ വസ്തുക്കളും എം. എൽ. എ. റോഡിൽ നിന്നും ഏകദേശം 60 മീറ്റർ ഉയരത്തിലായി സ്ഥിതി ചെയ്യുന്നതും വാണിജ്യ പ്രാധാന്യമില്ലാത്ത സ്ഥലവുമാണ് എന്ന് സ്ഥല പരിശോധനയിൽ കാണുന്നതിനാൽ സൂചന റിപ്പോർട്ടുകൾ പ്രകാരം ശുപാർശ ചെയ്തിട്ടുള്ള ക്ലാസിഫിക്കേഷനും ന്യായവിലയും അംഗീകരിക്കാമെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ സൂചന (5) പ്രകാരമുള്ള ഉത്തരവ്, സൂചന (6) നിർദ്ദേശത്തിന്റെയും പുനലൂർ തഹശീൽദാരുടെയും പുനലൂർ വില്ലേജ് ഓഫീസറുടെയും സൂചന (2), (3) ശുപാർശകളുടെയും സൂചന (4) പ്രകാരമുള്ള സ്ഥല പരിശോധനയുടെയും അടിസ്ഥാനത്തിൽ അപേക്ഷ വസ്തുവിന്റെ ക്ലാസ്സിഫിക്കേഷനും ന്യായവിലയും ചുവടെ കൊടുത്തിട്ടുള്ള പ്രകാരം പുനർ നിർണ്ണയിച്ചു നൽകുന്നതിന് ഉത്തരവാകുന്നു.

**ഉത്തരവ്**

6-3-2010-ൽ വിജ്ഞാപനം ചെയ്യപ്പെട്ട സർവ്വേ നമ്പരിൽപ്പെട്ട സ്വകാര്യ ഭൂമിക്ക് സർക്കാർ എന്ന് വന്നിട്ടുള്ള ക്ലാസ്സിഫിക്കേഷൻ അപാകത പരിഹരിച്ചു പുനർ നിർണ്ണയിച്ചു ഉത്തരവാകുന്നു.

| അപേക്ഷകന്റെ പേരും വിലാസവും | താലൂക്ക് | വില്ലേജ് | സർവ്വേ നമ്പർ | 6-3-2010-ലെ ന്യായവിലയും ക്ലാസ്സിഫിക്കേഷനും | പുനർ നിർണ്ണയിച്ച 1-4-2010-ലെ ക്ലാസ്സിഫിക്കേഷൻ | പുനർ നിർണ്ണയിച്ച 1-4-2010-ലെ ന്യായവില/ ഫെയർ വാല്യൂ (ഒരു ആർ-ന്) |
|---|---|---|---|---|---|---|
| ശ്രീമതി വിദ്യ, ബാങ്ക് മാനേജർ, കാനറ ബാങ്ക്, ടൗൺ ബ്രാഞ്ച്, പുനലൂർ<br><br>തണ്ടപ്പേർകക്ഷി- പുനലൂർ വില്ലേജിൽ കൈപ്പള്ളിൽ വീട്ടിൽ ശ്രീ. പ്രദീപ് കുമാർ ടിയാൻ ഭാര്യ ശോഭാ പ്രദീപ് | പുനലൂർ | പുനലൂർ | 404/1-54-B (1.62 ആർ) | Re. 1 Government Property | Residential Plot with Municipal Road Access | ₹ 24,710 |

പുനർ നിർണ്ണയിച്ച ന്യായവില സൂചന (7) മുതൽ (12) വരെയുള്ള ഉത്തരവുകൾ പ്രകാരമുള്ള വർദ്ധനവുകൾക്ക് വിധേയമായിരിക്കുന്നതാണ്.

ടി ഇ-ഫയൽ ജനറേറ്റ് ചെയ്യുമ്പോൾ RDOPLR/1293/2025-F എന്നതിന് പകരം RDOPLR/1293/2025-A എന്ന് പിശകായി വന്നിട്ടുള്ളതാണ്. RDOPLR/1293/2025-F എന്നതാണ് ശരിയായ ഫയൽ നമ്പർ എന്ന വിവരം രേഖപ്പെടുത്തുന്നു.

റവന്യൂ ഡിവിഷണൽ ഓഫീസ്,
പുനലൂർ.

(ഒപ്പ്)
റവന്യൂ ഡിവിഷണൽ ഓഫീസർ.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ലേല പരസ്യം

നമ്പർ TLKKTR/1097/2025-F1. 2025 ഒക്ടോബർ 28.

കൊട്ടാരക്കര താലൂക്കിൽ ചിതറ വില്ലേജിൽ ബ്ലോക്ക് നമ്പർ 55-ൽ റീസർവ്വേ നമ്പർ 203/5-ൽ സ്ഥിതി ചെയ്തിരുന്ന പഴയ ചിതറ വില്ലേജ് ഓഫീസ് Construction of Smart Village Offices under the Scheme for Special Assistance to States for Capital Investment 2024-25 എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി സ്മാർട്ട് വില്ലേജാഫീസ് ആക്കി മാറ്റുന്നതിന്റെ ഭാഗമായി നിർമ്മാണ പ്രവർത്തനങ്ങൾക്ക് തടസ്സമായി നിൽക്കുന്ന മരങ്ങൾ (തേക്ക്, പുളിമരം, ആഞ്ഞിലി, പ്ലാവ്, കണിക്കൊന്ന) 20-11-2025-ാം തീയതി വൈകിട്ട് 3 മണിക്ക് ചിതറ വില്ലേജാഫീസിൽ വച്ച് പരസ്യമായി ലേലം ചെയ്യുന്നതാണ്.

ടി ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ മതിയായ നിരതദ്രവ്യം കെട്ടിവച്ച് ലേലത്തിൽ പങ്കെടുക്കേണ്ടതും ഏറ്റവും കൂടുതൽ തുകയ്ക്ക് ലേലം വിളിക്കുന്ന ആളിന്റെ പേരിൽ ലേലം താൽക്കാലികമായി സ്ഥിരപ്പെടുത്തുന്നതും നിരതദ്രവ്യം കഴിച്ചുള്ള ലേല തുകയും നിയമാനുസൃത നികുതിയും ലേല ദിവസം തന്നെ ഒടുക്കുവരുത്തേണ്ടതുമാണ്. ലേലം സ്ഥിരീകരിച്ചുകൊണ്ട് ഉത്തരവ് ലഭിക്കുന്ന മുറയ്ക്ക് ലേലം കൊണ്ടയാൾ സ്വന്തം ചെലവിൽ പ്രസ്തുത വസ്തുക്കൾ നീക്കം ചെയ്യേണ്ടതുമാണ്. സാധാരണ സർക്കാർ ലേലങ്ങൾ സംബന്ധിച്ചുള്ള എല്ലാ നിബന്ധനകളും ഈ ലേലത്തിനും ബാധകമായിരിക്കുന്നതാണ്.

താലൂക്കാഫീസ്, (ഒപ്പ്)
കൊട്ടാരക്കര. തഹശീൽദാർ.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## KOLLAM DISTRICT

പുനലൂർ റവന്യൂ ഡിവിഷണൽ ആഫീസറുടെ നടപടിക്രമം

(ഹാജർ : സുരേഷ് ബാബു, ജി.)

നമ്പർ RDOPLR/2768/2025-F. 2025 നവംബർ 5.

വിഷയം:—സർക്കാർ തരിശിൽ നിന്നും പട്ടയ പ്രകാരം ലഭിച്ച വസ്തുവിന്റെ ന്യായവില/ഫെയർ വാല്യൂ, ക്ലാസ്സിഫിക്കേഷൻ—എന്നിവ നിർണ്ണയിച്ചു ഉത്തരവാകുന്നത്—സംബന്ധിച്ച്

സൂചന:—(1) ശ്രീ. ചന്ദ്രാംഗദൻ & ഉഷാ കുമാരി, അരവിന്ദാക്ഷ ഭവൻ, എലിയറയ്ക്കൽ, കോന്നി എന്നിവർ സമർപ്പിച്ച അപേക്ഷ.

(2) പത്തനാപുരം ഭൂരേഖാ തഹശീൽദാരുടെ 22-10-2025 തീയതിയിലെ TLKPTM/2007 2025-B6 നമ്പർ റിപ്പോർട്ട്

(3) പുന്നല വില്ലേജ് ഓഫീസറുടെ 6-10-2025 തീയതിയിലെ 251/25 നമ്പർ റിപ്പോർട്ട്.

(4) കേരള മുദ്രപ്പത്ര നിയമം 1959 സെക്ഷൻ 28A ചട്ടം 5(4).

(5) ബഹു കേരള ലാൻഡ് റവന്യൂ കമ്മീഷണറുടെ 11-2-2019 തീയതിയിലെ LA3-54647 നമ്പർ പരിപത്രം

(6) 14-11-2014-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 188/2014/റ്റി. ഡി.

(7) 31-3-2018-ലെ സർക്കാർ ഉത്തരവ് (പി)നമ്പർ 43/2018/റ്റി. ഡി. (S.R.O.No. 186/2018)

(8) 30-4-2019-ലെ സർക്കാർ ഉത്തരവ് (പി)നമ്പർ 70/2019/റ്റി. ഡി. (S.R.O.No. 311/2019).

(9) 31-3-2020-ലെ സർക്കാർ ഉത്തരവ് (പി)നമ്പർ 47/2020/റ്റി. ഡി. (S.R.O.No. 266/2020).

(10) 30-3-2022-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 29/2022/റ്റി. ഡി. (S.R.O. No. 305/2022).

(11) 25-3-2023-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 45/2023/റ്റി. ഡി. (S.R.O. No. 420/2023).

പുനലൂർ സബ് ഡിവിഷനിൽ പത്തനാപുരം താലൂക്കിൽ പുന്നല വില്ലേജിലെ സർവ്വേ നമ്പർ (a.) 157/1-43, (b.) 157/1-43B (c.) 157/1-43C എന്നിവയിൽപ്പെട്ട വസ്തുക്കളുടെ ഫെയർ വാല്യൂ പുനർ നിർണ്ണയിക്കുന്നതിലേക്ക് ശ്രീ. ചന്ദ്രാംഗദൻ & ഉഷാ കുമാരി എന്നിവർ സൂചന (1) പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുള്ളതും ആയതിൻമേൽ പത്തനാപുരം ഭൂരേഖാ തഹശീൽദാർ, പുന്നല വില്ലേജ് ഓഫീസർ എന്നിവർ യഥാക്രമം സൂചന (2), (3) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതുമാണ്. അപേക്ഷ വസ്തു സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| അപേക്ഷ വസ്തു | — സർവ്വേ നമ്പർ-a. 157/1-43—2.02 ആർ പുരയിടം.<br>സർവ്വേ നമ്പർ-b. 157/1-43B—2.02 ആർ പുരയിടം.<br>സർവ്വേ നമ്പർ-c. 157/1-43C—6.88 ആർ പുരയിടം. |
| ആധാരം, മുന്നാധാരം മറ്റു വിവരങ്ങൾ | —പത്തനാപുരം സബ് രജിസ്ട്രാർ ഓഫീസിലെ 3325/1992, 2502/1993, 564/1992 നമ്പർ വിലയാധാരങ്ങൾ<br>മുന്നാധാരം—2256/1982 നമ്പർ ധന നിശ്ചയം.<br>പത്തനാപുരം തഹശീൽദാരുടെ 27-4-1969 തീയതിയിലെ LAC 635/69 നമ്പർ പട്ടയ പ്രകാരം ബി ടി ആർ കക്ഷിയായ കല്യാണിയമ്മ ഭാർഗ്ഗവിയമ്മ, കുളത്തും കരോട്ട് വീട്, കണിയാം പടിക്കൽ, പുന്നല എന്നിവർ പേരിൽ ലഭിച്ചു. സർവ്വേ നമ്പർ 157/1-43-ൽപ്പെട്ട 27.92 ആർ പുരയിടം. |
| തണ്ടപ്പേർ നമ്പർ | — 9414,10.92 ആർ വസ്തു |
| ബി ടി ആർ | — സർവ്വേ നമ്പർ 157/1-സർക്കാർ തരിശ്ശ്. |
| മഹസർ പ്രകാരമുള്ള വിവരങ്ങൾ | — അപേക്ഷ വസ്തുക്കൾ ഒരുമിച്ച് ചേർന്നുകിടക്കുന്നു. നട്ട് ദേഹണ്ഡങ്ങൾ-വാഴ കൃഷി ചെയ്യുന്നതും തേക്ക്, തെങ്ങ് മരങ്ങൾ നിൽക്കുന്നതും കുളം, ഓവ്, ചാൽ ഉള്ളതുമായ ടി വസ്തുക്കൾ പഞ്ചായത്ത് റോഡിനുചേർന്ന് സ്ഥിതി ചെയ്യുന്നു. |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

വടക്ക്-ലളിത വക വസ്തു കിഴക്ക്-തോമസ് ദാനിയേൽ വക വസ്തു കാവ്, തെക്ക്-തോട്, പടിഞ്ഞാറ്- പഞ്ചായത്ത് റോഡ്

2010-ലെ ന്യായവില രജിസ്റ്ററിൽ അപേക്ഷ വസ്തുക്കൾ ഉൾപ്പെട്ട സർവ്വേ നമ്പർ 157/1-43-ന് ന്യായവില ഒരു രൂപയും Government Property എന്ന ക്ലാസ്സിഫിക്കേഷനും വന്നിട്ടുള്ളതായും എന്നാൽ അപേക്ഷ വസ്തുക്കൾക്ക് ഫെയർ വാല്യൂ പുനർ നിർണ്ണയിച്ചു നൽകുന്നതിനാണ് സൂചന (1) അപേക്ഷ നൽകിയിട്ടുള്ളതെന്നും സൂചന (2), (3) റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നു. ബി ടി ആർ പ്രകാരം ടി സ്ഥലം സർക്കാർ തരിശ്ശിൽ ഭൂമിയിൽ നിന്നും പട്ടയ പ്രകാരം പതിച്ചു നൽകിയ വസ്തുവാണെന്നു കാണുന്നു. ടി വസ്തുക്കൾ പുന്നല-കറവൂർ റോഡിൽ മുമ്മൂല ജംഗ്ഷനിൽ നിന്നും തെക്ക് പുന്നല അമ്മൂമ്മ കൊട്ടാരം ക്ഷേത്രം പോകുന്ന റോഡിൽ ഏകദേശം 200 മീറ്റർ പോകുമ്പോൾ മണലാടി ഏലാ ഭാഗത്തേക്ക് പോകുന്ന പഞ്ചായത്ത് റോഡിൽ ഏകദേശം 10 മീറ്റർ മാറി ടി റോഡിനു തെക്കായി സ്ഥിതി ചെയ്യുന്നു. ഗ്രൂപ്പ് സ്കെച്ച് ഉള്ളടക്കം ചെയ്തിട്ടുണ്ട്.

അപേക്ഷവസ്തുക്കൾക്ക് ക്ലാസ്സിഫിക്കേഷനും ന്യായവിലയും പുനർ നിർണ്ണയിക്കുന്നതിനു സമീപത്തുള്ളതും ഒരേ പഞ്ചായത്ത് റോഡ് പ്രാധാന്യമുള്ളതുമായ സർവ്വേ നമ്പർ 157/1-4-14-1-4ൽപ്പെട്ട വസ്തു അപേക്ഷ വസ്തുക്കൾക്ക് സമവും സമാനവും ആയ അടിസ്ഥാന വസ്തുവായി പരിഗണിച്ച് ടി വസ്തുക്കൾക്ക് 2010-ലെ ഫെയർ വാല്യൂ രജിസ്റ്റർ പ്രകാരം നൽകിയിട്ടുള്ള Residential Plot with Panchayath Road Access എന്ന ക്ലാസ്സിഫിക്കേഷനിൽ ഒരു ആർ നു ₹ 7,500 ന്യായവില അപേക്ഷ വസ്തുവിന് നൽകാമെന്നും പത്തനാപുരം ഭൂരേഖ തഹസീൽദാരും പുന്നല വില്ലേജ് ഓഫീസറും സൂചന (2), (3) പ്രകാരം ശുപാർശ നൽകിയിരിക്കുന്നു.

സർക്കാർ ഉത്തരവുകൾ/നിർദ്ദേശങ്ങൾ ബന്ധപ്പെട്ട ഭൂരേഖാ തഹശീൽദാരുടെയും വില്ലേജ് ഓഫീസറുടെയും സൂചന (2), (3) ശുപാർശകളുടെയും സമർപ്പിച്ച രേഖകളുടെയും അടിസ്ഥാനത്തിൽ ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം ഉത്തരവാകുന്നു.

**ഉത്തരവ്**

6-3-2010 വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള സർവ്വേ നമ്പറിൽപ്പെട്ടതും സർക്കാർ ഭൂമിയിൽ നിന്നും പട്ടയ പ്രകാരം വന്നിട്ടുള്ളതുമായ വസ്തുക്കൾക്ക് ശരിയായ ക്ലാസ്സിഫിക്കേഷനും അതിന് അനുസൃതമായ ന്യായവിലയും ചേർത്ത് വിജ്ഞാപനം ചെയ്യേണ്ടത് ആവശ്യമാണെന്നും ബോധ്യപ്പെട്ടിട്ടുള്ളതിനാൽ ന്യായവില/ഫെയർ വാല്യൂ, ക്ലാസ്സിഫിക്കേഷൻ എന്നിവ അംഗീകരിച്ച് ഉത്തരവാകുന്നു.

| അപേക്ഷകന്റെ പേരും വിലാസവും | താലൂക്ക് | വില്ലേജ് | സർവ്വേ നമ്പർ | 6-3-2010-ലെ ന്യായവിലയും ക്ലാസ്സിഫിക്കേഷനും വിലയും | പുനർ നിർണ്ണയിച്ച 1-4-2010-ലെ ക്ലാസ്സിഫിക്കേഷൻ | പുനർ നിർണ്ണയിച്ച 1-4-2010-ലെ ന്യായവില (ഒരു ആർ-ന്) |
|---|---|---|---|---|---|---|
| ശ്രീ. ചന്ദ്രാംഗദൻ & ഉഷാ കുമാരി, അരവിന്ദാക്ഷ ഭവൻ, എലിയറയ്ക്കൽ, കോന്നി. | പത്തനാപുരം | പുന്നല | a. 157/1-43<br>b. 157/1-43B<br>c. 157/1-43C | a. b.&c. Re.1 Government Property | a. b.&c. Residential Plot with Panchayath Road Access | ₹ 7,500 |

പുനർ നിർണ്ണയിച്ച ന്യായവില സൂചന (6) മുതൽ (11) വരെയുള്ള ഉത്തരവുകൾ പ്രകാരമുള്ള വർദ്ധനവുകൾക്ക് വിധേയമായിരിക്കുന്നതാണ്.

റവന്യൂ ഡിവിഷണൽ ഓഫീസ്,
പുനലൂർ.

(ഒപ്പ്)
റവന്യൂ ഡിവിഷണൽ ഓഫീസർ.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## FORM 'C'

**[As per Rule 5(8) of The Kerala Stamp Act (Fixation of Fair Value of Land) Rules 1995]**

## NOTIFICATION

RDOIDK/380/2025-B1 *Dated:* 29/10/2025

Whereas, it is expedient to publish a Notification showing revised value of land as required under section 28A of the Kerala Stamp Act-1959, read with sub-rule (8) of Rule 5 of the Kerala Stamp (Fixation of Fair Value of Land) Rule 1995, the Fair Value of the land in Resurvey Number 140/2 of Karimannoor Village, Thodupuzha Taluk of Idukki District is hereby fixe as shown in the schedule here to :

## SCHEDULE

| Name of District | Name of Taluk | Name of Village, Block No., Survey No. and Sub-Division No. | Corporation / Municipality/ Panchayaht | Ward No. & Name | Classification by Use | Fair Value of the Land Fixed (per are) |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| Idukki | Thodupuzha | Karimannoor<br>Block No. – 36<br>Sy.No. – 140/2 | Karimannoor | | Garden Land with Road Access | 26,750/- Twenty Six Thousand Seven Hundred and Fifty |

Revenue Divisional Office Signed

Idukki *Sub Collector, Idukki*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## FORM 'C'

**[As per Rule 5(8) of The Kerala Stamp Act (Fixation of Fair Value of Land) Rules 1995]**

## NOTIFICATION

RDOIDK/929/2025-B1 *Dated:03/11/*2025

Whereas, it is expedient to publish a Notification showing revised value of land as required under section 28A of the Kerala Stamp Act-1959, read with sub-rule (8) of Rule 5 of the Kerala Stamp (Fixation of Fair Value of Land) Rule 1995, the Fair Value of the land in survey Number 379/2 of Kudayathoor Village, Thodupuzha Taluk of Idukki District is hereby fixe as shown in the schedule here to :

## SCHEDULE

| Name of District | Name of Taluk | Name of Village, Block No., Survey No. and Sub-Division No. | Corporation / Municipality/ Panchayaht | Ward No. & Name | Classification by Use | Fair Value of the Land Fixed (per are) |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| Idukki | Thodupuzha | Kudayathoor<br>Block No. – 18<br>Sy.No. – 379/2 | Kudayathoor<br>Panchayath | Koovappally | Hill Tract with Road Access | 9000/-<br>Nine Thousand |

Revenue Divisional Office Signed

Idukki *Sub Collector, Idukki*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## FORM 'C'

**[As per Rule 5(8) of The Kerala Stamp Act (Fixation of Fair Value of Land) Rules 1995]**

## NOTIFICATION

RDOIDK/425/2025-B1 *Dated:* 28/10/2025

Whereas, it is expedient to publish a Notification showing revised value of land as required under section 28A of the Kerala Stamp Act-1959, read with sub-rule (8) of Rule 5 of the Kerala Stamp (Fixation of Fair Value of Land) Rule 1995, the Fair Value of the land in Resurvey Number 353/49 of Arakkulam Village, Thodupuzha Taluk of Idukki District is hereby fixe as shown in the schedule here to :

## SCHEDULE

| Name of District | Name of Taluk | Name of Village, Block No., Survey No. and Sub-Division No. | Corporation / Municipality/ Panchayaht | Ward No. & Name | Classification by Use | Fair Value of the Land Fixed (per are) |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| Idukki | Thodupuzha | Arakkulam<br>Block No. – 24<br>Re.Sy.No. – 353/49 | Arakkulam<br>Panchayath | 13 | Residential plot with Panchayath Road Access | 60,000/-<br>Sixty Thousand |

Revenue Divisional Office Signed

Idukki *Sub Collector, Idukki*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## NOTIFICATION

**RDOCHN/N1/1524/2025/K.Dis** **08-11-2025**

Whereas it is expedient to publish the fair value of the land as required under section 28A of the Kerala Stamp Act, 1950 read with Rule 4 of the Kerala Stamp (Fixation of value of land) Rules - 1995 and subject to the final verification of the authenticity of the copy of the document produced by the present holder.

The Fair Value of the land came into force in the State in 2010. Thereafter, the same has been revised 5 times. The fair value of the land will effectively become 264% of the value that fixed in the year 2010. Now, therefore it is hereby made known to the public that the fair value fixed for the land mentioned against each serial numbers in respect of the land situated in the Survey/re-survey numbers of the Village and Taluk mentioned against each shall be as shown against column (1) thereof.

District:- Ernakulam. Taluk:- Kanayannur

Village :- Edakkattuvayal Village

| S.No. | Sy. No. | Sub Div. No. | Re-Sy. Block No. | Re-Sy. No. | Re-Sy Sub Dvn No. | M/C/P | Name . of Local Body | Name & No. of ward | Classification by use | Fair value per Are |
|---|---|---|---|---|---|---|---|---|---|---|
| 5248 A | | | 25 | 328 | 4 | P | Edakkattuvayal Gramapanchayath | Ward - 8 Ayyakkunnam | Residential Plot with Panch. Road Access | 90,000/- |

Sd/-

Revenue Divisional officer

Revenue Divisional Office, Fort Kochi.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## ERNAKULAM DISTRICT

**മൂവാറ്റുപുഴ റവന്യൂ ഡിവിഷണൽ ആഫീസറുടെ നടപടിക്രമം**

(ഹാജർ : അനി, പി. എൻ.)

നമ്പർ RDOMVP/1002/2025-A8/Kdis. 2025 ജൂലൈ 19.

വിഷയം :—നൃായവില നിർണ്ണയം—ശ്രീ. ബാബു ജോസഫ്, പഴയാറ്റിൽ, തേവര എന്നയാൾ സമർപ്പിച്ച അപേക്ഷ—നൃായവില പുനർനിർണ്ണയിച്ച് ഉത്തരവാകുന്നു.

സൂചന:—(1) കുന്നത്തുനാട് ഭൂരേഖ തഹശീൽദാരുടെ TLKKND/484/2025-J2 നമ്പർ റിപ്പോർട്ട്.

(2) ലാന്റ് റവന്യൂ കമ്മീഷണറുടെ 1-2-2019-ലെ എൽ.ആർ.എ3-54674/18 നമ്പർ പരിപത്രം.

കുന്നത്തുനാട് താലൂക്ക്, തിരുവാണിയൂർ വില്ലേജ്, ബ്ലോക്ക് 40 റീസർവ്വേ 16/6-ൽപ്പെട്ട 8.10 ആർ വസ്തുക്കളുടെ നൃായവില പുനർനിർണ്ണയിക്കുന്നതിനായി ശ്രീ. ബാബു ജോസഫ്, പഴയാറ്റിൽ എന്നയാൾ അപേക്ഷ സമർപ്പിച്ചിട്ടുള്ളതാണ്.

2010-ലെ ഫെയർവാല്യൂ രജിസ്റ്റർ പ്രകാരം അപേക്ഷാവസ്തുവിനു Residential Plot with Private Road Access എന്ന തരത്തിൽ ഉൾപ്പെടുത്തി ആറൊന്നിന് ₹ 70,000 വില നിശ്ചയിച്ചിട്ടുള്ളതാണ്. ടി വില പുനർനിർണ്ണയം ചെയ്യുന്നതിനാണ് അപേക്ഷ സമർപ്പിച്ചിരിക്കുന്നത്.

അപേക്ഷാ വസ്തു ബി.റ്റി.ആർ പ്രകാരം നിലമാണെങ്കിലും ഫെയർവാല്യൂ രജിസ്റ്റർ പ്രകാരം റസിഡൻഷ്യൽ പ്ലോട്ട് വിത്ത് പ്രൈവറ്റ് റോഡ് ആക്സസ്സ് എന്ന തരത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണെന്നും തഹശീൽദാർ റിപ്പോർട്ടു ചെയ്തിരിക്കുന്നു.

അപേക്ഷ വസ്തുവിനോട് ചേർന്ന് സ്ഥിതി ചെയ്യുന്നതും റീസർവ്വേ 16/15-ൽ ഉൾപ്പെട്ടു വരുന്നതുമായ വസ്തുവിനു നൃായവില രജിസ്റ്ററിൽ വെറ്റ് ലാന്റ് എന്ന തരത്തിൽ ഉൾപ്പെടുത്തി ആറൊന്നിന് ₹ 15,000 വില മാത്രമാണ് നിശ്ചയിച്ചിട്ടുള്ളതാണ്. ടി വസ്തുവിനെ അപേക്ഷാ വസ്തുവിന് സമാനവസ്തുവായി പരിഗണിക്കാമെന്നും അപേക്ഷാ വസ്തുവിലേയ്ക്ക് പ്രവേശിക്കുന്നതിന് പ്രൈവറ്റ് റോഡ് ഉള്ള സാഹചര്യത്തിൽ അപേക്ഷാ വസ്തുവിനു വെറ്റ് ലാന്റ് ഇനത്തിൽപ്പെടുത്തി ആറൊന്നിന് ₹ 40,000 നൃായവില നിശ്ചയിക്കാവുന്നതാണെന്നും തഹശീൽദാർ റിപ്പോർട്ടു ചെയ്തിട്ടുള്ളതാണ്.

നൃായവില നിർണ്ണയത്തിലെ അപാകങ്ങൾ 1959-ലെ കേരള സ്റ്റാമ്പ് ആക്ട് സെക്ഷൻ 28 എ, പ്രസ്തുത നിയമത്തിന് കീഴിലുള്ള 1995-ലെ കേരളം സ്റ്റാമ്പ് (ഫിക്സേഷൻ ഓഫ് ഫെയർ വാല്യൂ ഓഫ് ലാൻഡ്) ചട്ടം (3) എന്നിവ പ്രകാരം നൃായവില നിർണ്ണയിച്ചു ചട്ടം (4) പ്രകാരമുള്ള വിജ്ഞാപനം പ്രസിദ്ധപ്പെടുത്തേണ്ടതുണ്ട്.

മേൽ സാഹചര്യത്തിൽ സൂചന (2) പ്രകാരമുള്ള പരിപത്രത്തിന്റെ അടിസ്ഥാനത്തിൽ 2010-ലെ നൃായവില വിജ്ഞാപനം ചെയ്തപ്പോൾ ക്ലാസ്സിഫിക്കേഷനിൽ വന്ന പിശകുകളും അതുമൂലമുണ്ടായ വില നിർണ്ണയവുമായി പരിഗണിച്ചു കുന്നത്തുനാട് താലൂക്ക് തിരുവാണിയൂർ വില്ലേജ് ബ്ലോക്ക് 40 റീസർവ്വേ 16/6-ൽപ്പെട്ട 8.10 ആർ വസ്തുവിനെ Wet Land എന്ന ഗണത്തിൽ ഉൾപ്പെടുത്തി ആർ ഒന്നിന് ₹ 40,000 നൃായവില നിർണ്ണയിച്ച് ഇതിനാൽ ഉത്തരവാകുന്നു. ടി നൃായവില ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം ചെയ്യുന്നതാണ്. സർക്കാർ ഉത്തരവ്(പി) നമ്പർ 188/2014/ Taxes തീയതി 14-11-2014 പ്രകാരം 2010-ൽ നിശ്ചയിച്ച നൃായവിലയാണ് ഈ ഉത്തരവ് പ്രകാരം പുതുക്കി നിശ്ചയിച്ചിട്ടുള്ളത്. ആയതിന് ശേഷം സർക്കാർ വരുത്തിയിട്ടുള്ള എല്ലാ വർദ്ധനവുകളും ഇതോടൊപ്പം ചേർക്കേണ്ടതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

FORM 'A'

(*See* Rule 4)

NOTIFICATION

No. RDOMVP/1002/2025-A8/Kdis. *19th July 2025.*

Whereas, it is expedient to publish the Fair Value of land as required under Section (28) A of Kerala Stamp Act, 1959 read with Rule 4 of Kerala Stamp (Fixation of Fair Value of land) Rules, 1995;

Now, therefore, it is hereby made known to the public that the fair value fixed for the land mentioned against each serial number, in respect of the land situated in the Survey/Re-survey Numbers of the Village and Taluk mentioned against each, shall be as shown against in the Column (11) thereof.

SCHEDULE

*District*—Ernakulam. *Taluk*—Kunnathunadu.

*Village*—Thiruvaniyoor. *Desom*—Thiruvaniyoor..

| *Sl. No.* | *Sy. No.* | *Sub Division No.* | *Re-Sy. Block* | *Re-Sy. No.* | *Re-Sy. Sub Division No.* | *Panchayath/ Municipality/ Corporation* | *Name of Local Body Panchayath/ Municipality Corporation* | *Name & Number of Ward* | *Classification by use* | *Fair Value Per Are* ₹ |
|---|---|---|---|---|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) | (7) | (8) | (9) | (10) | (11) |
| 1 | | | 40 | 16 | 6 | Panchayat | Thiruvaniyoor. | XVI | Wet land | 40,000 |

Revenue Divisional Office, (Sd.)

Muvattupuzha. *Revenue Divisional Officer.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## വിജ്ഞാപനം

നമ്പർ – DCTSR/9070/2025-B5 തിയ്യതി - 28-10-2025

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ 279-ാം വകുപ്പ് 2-ാം ഉപവകുപ്പ് പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിച്ച് 16/10/2024 തിയ്യതിയിലെ സ.ഉ. (അച്ചടി) നം.54/2024/LSGD ഉത്തരവ് പ്രകാരം സർക്കാർ ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥനെന്ന നിലയ്ക്ക് താഴെ പറയുന്ന കേരള പഞ്ചായത്ത് രാജ് ആക്ട് 279-ാം വകുപ്പ് 1-ാം ഉപവകുപ്പ് പ്രകാരം തൃശ്ശൂർ ജില്ലയിലെ കുന്നംകുളം താലൂക്കിലെ കടവല്ലൂർ ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായതും റവന്യൂ രേഖകളിൽ കന്നുകാലി മേച്ചിൽ സ്ഥലം എന്നിങ്ങനെ രേഖപ്പെടുത്തിയതുമായ ഭൂമികളെ പ്രസ്തുത ആക്ടിന്റെ പരിധിയിൽ നിന്നും ഇതിനാൽ ഒഴിവാക്കുന്നു.

| | | | |
|---|---|---|---|
| ജില്ല | തൃശ്ശൂർ | | |
| താലൂക്ക് | മുകുന്ദപുരം | | |
| **ഗ്രാമപഞ്ചായത്ത്** | **വില്ലേജ്** | **സർവ്വെ നമ്പർ** | **വിസ്തീർണ്ണം (ഹെക്ടർ)** |
| കടവല്ലൂർ | പെരുമ്പിലാവ് | 238 | 0.0607<br>0.0184 |

കളക്ടറേറ്റ് തൃശ്ശൂർ

ഒപ്പ്/-
ജില്ലാ കളക്ടർ, തൃശ്ശൂർ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**കമ്മട്ടേഷൻ / ലേലപരസ്യം**

TLKKDR/1572/2025-C3 07.11.2025

കൊടുങ്ങല്ലൂർ ശ്രീകുരുംബ ഭഗവതി ക്ഷേത്രത്തിലെ താലപ്പൊലി മഹോത്സവത്തോടനുബന്ധിച്ച് കൊല്ലവർഷം 1201- ധനുമാസം 27-ാം തിയ്യതി മുതൽ മകരമാസം 07-ാം തിയ്യതി വരെ (2026 ജനുവരി മാസം 11-ാം തിയ്യതി മുതൽ 21-ാം തിയ്യതി )വരെ 11 ദിവസം ക്ഷേത്രത്തിന്റെ ചുറ്റുമുള്ള കമ്പിവേലയ്ക്കകവും പബ്ലിക് റോഡുകളും സർക്കാരിൽ നിന്നും പാട്ടത്തിനുകൊടുത്തിട്ടുള്ള സ്ഥലങ്ങളും നാഷണൽ ഹൈവേ 17 ൽ പ്പെട്ട സ്ഥലങ്ങളും റോഡുകളുടെ ഇരുവശമുള്ള മാർജിൻ സ്ഥലങ്ങളും പോലിസ് സ്റ്റേഷൻ മൈതാനവും കുളം നികത്തിയ സ്ഥലത്തോടുകൂടിയ മകരം 3-ാം തീയതി രാത്രി വടക്കുനിന്നും എഴുന്നിള്ളിച്ചു പോരുന്നതിനുള്ള സ്ഥലവും പതിവായി വെടികെട്ടിനുപയോഗിച്ചുവരുന്നതും വെടിപുരയ്ക്ക് തെക്കും കിഴക്കുമുള്ള മൈതാനങ്ങളും നിഴലിരിപ്പ് സ്ഥലവും ഒഴിച്ച് കാവിൽ കടവിന് പടിഞ്ഞാറും ശ്രീകുരുമ്പ അമ്പലത്തിന് വടക്കോട്ടും, പറവൂർ റോഡിൽ കുരുംബ അമ്പലത്തിന് വടക്കോട്ട് കാവിൽ ചന്തയ്ക്ക് കിഴക്കോട്ടുമുള്ള പുറംമ്പോക്ക് സ്ഥലങ്ങളിൽ കർപ്പൂരവും ക്ഷേത്രത്തിലേയ്ക്ക് ജനങ്ങൾക്ക് അത്യാവശ്യമായ സാധനങ്ങളും നീക്കി, ബാക്കി സാധനങ്ങൾ കടിൽകെട്ടിയും മറ്റും കച്ചവടം ചെയ്യുന്നതിനുള്ള അവകാശം 25/11/2025 തിയ്യതി രാവിലെ 11 മണിക്ക് കൊടുങ്ങല്ലൂർ താലൂക്ക് മിനി സിവിൽ സ്റ്റേഷൻ കോൺ ഫറൻസ് ഹാളിൽ വെച്ച് പരസ്യമായി കമ്മട്ടേഷൻ / ലേലം ചെയ്യുന്നതാണ്. ലേലം കൂടാതെ മേൽ പറഞ്ഞ പുറമ്പോക്ക് സ്ഥലങ്ങളിൽ കച്ചവടം നടത്തുവാൻ മേൽ നിശ്ചയങ്ങൾക്കനുസരിച്ച് കൂലി പിരിക്കുന്നതിന് സീൽ ചെയ്ത കമ്മട്ടേഷനുകൾ ലേല ദിവസം ലേല സമയത്തിന് അരമണിക്കൂർ മുമ്പുവരെ സ്വീകരിക്കുന്നതാണ്. സീൽഡ് ടെൻഡർ വയ്ക്കുന്ന വ്യക്തി കവറിന് പുറത്തും അകത്തും വ്യക്തമായ മേൽവിലാസവും ഒപ്പും രേഖപ്പെടുത്തിയിരിക്കണം. സ്വയം സാക്ഷ്യപ്പെടുത്തിയ തിരിച്ചറിയൽ രേഖയും അതോടൊപ്പം സമർപ്പിക്കേണ്ടതാണ്. ലേല തുകയിലോ കമ്മട്ടേഷനിലോ ഏതിലാണ് കൂടുതൽ തുക എന്നു നോക്കി കൂടുതൽ തുകക്കാരന് കമ്മട്ടേഷൻ/ ലേലം കൊണ്ട ആൾ ആയി താൽക്കാലികമായി സ്ഥിരപ്പെടുത്താവുന്നതാണ്.

1. കമ്മട്ടേഷൻ / ലേലത്തിൽ പങ്കെടുക്കുന്നവർ ഒരാൾക്ക് 10,000/- രൂപ പതിനായിരം രൂപ) വീതം നിരതദ്രവ്യം കെട്ടി വെയ്ക്കേണ്ടതാണ്. ലേലത്തിൽ പങ്കെടുക്കുന്നവർ തിരിച്ചറിയൻ കാർഡ് കൊണ്ടുവരേണ്ടതാണ്. കമ്മട്ടേഷൻ / ലേലം കൊള്ളുന്ന ആളുടെ നിരതദ്രവ്യം സംഖ്യ കമ്മട്ടേഷൻ / ലേലം നിശ്ചയ പ്രകാരമുള്ള

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

അവധി കഴിഞ്ഞ് ക്വട്ടേഷൻ / ലേലത്തിൽപ്പെട്ട സ്ഥലം പൂർവ്വസ്ഥിതിയിലാക്കി ബോദ്ധ്യപ്പെടുത്തിയതിന് ശേഷവും മറ്റുള്ളവരുടെ നിരതദ്രവ്യ സംഖ്യ ക്വട്ടേഷൻ / ലേലം കഴിഞ്ഞ ഉടനെയും മടക്കി കൊടുക്കുന്നതാണ്. ഒരാളിൽ നിന്നും ഒരാളുടെ പേരിലുള്ള നിരതദ്രവ്യം മാത്രമേ സ്വീകരിക്കുകയുള്ളൂ.

2. ക്വട്ടേഷൻ/ലേലം കഴിഞ്ഞാൽ ഏറ്റവും കൂടുതൽ തുകയ്ക്ക് ലേലം കൊണ്ട് വ്യക്തി തൽസമയം മൂന്നിലൊന്നു തുകയും ടി തുകയുടെ GST ഉം ഒടുക്കേണ്ടതാണ്. ടി തുക ലേലം കൊണ്ട വ്യക്തി ഉടൻ തന്നെ ഒടുക്കാത്തപക്ഷം ലേലതുകയ്ക്ക് തൊട്ടുതാഴെ ലേലം വിളിച്ച 2-മതായി നിൽക്കുന്ന വ്യക്തിയുടെ പേരിൽ ലേലം താൽക്കാലികമായി ഉറപ്പിക്കുകയും ലേലവേദിയിൽ തന്നെ മൂന്നിലൊന്ന് തുകയും GST യും ഒടുക്കിയശേഷം മാത്രമെ ലേല നടപടികൾ പൂർത്തീകരിക്കുകയും **ലേലത്തിൽ പങ്കെടുത്തവർക്ക് ലേലഹാൾ വിട്ടുപോകുവാൻ അനുവദിക്കുകയുള്ളൂ.** ബാക്കി സംഖ്യ ക്വട്ടേഷൻ / ലേലം സ്ഥിരപ്പെടുത്തി അറിയിപ്പ് കിട്ടി രണ്ടു ദിവസത്തിനകവും ഈ ആഫീസിൽ അടക്കേണ്ടതും ക്വട്ടേഷൻ/ലേലക്കാരിന്റെ ചിലവിൽ സർക്കാരിലേക്ക് ബോദ്ധ്യമായ ഒരു കരാർ എഴുതി ഒപ്പിട്ടു തരേണ്ടതുമാകുന്നു.

3. 2-ാം വകുപ്പിൽ പറയും പ്രകാരം ചെയ്യുവാൻ ക്വട്ടേഷൻ / ലേലക്കാരൻ വീഴ്ച്ചവരുത്തിയാൽ ക്വട്ടേഷൻ / ലേലക്കാരൻ അടച്ചിട്ടുള്ള എല്ലാ സംഖ്യകളും സർക്കാരിലേക്ക് മുതൽ കൂട്ടുന്നതും ക്വട്ടേഷൻ / ലേലക്കാരന്റെ നഷ്ടോത്തരവാദത്തിൽ വീണ്ടും ക്വട്ടേഷൻ / ലേലം ചെയ്യുന്നതും, അപ്രകാരം ക്വട്ടേഷൻ / ലേലം നടത്തുന്നതും ആയതിൽ സർക്കാരിലേക്ക് വല്ല നഷ്ടവും ഉണ്ടാകുന്നതായാൽ അത് മുഴുവൻ മുൻ ക്വട്ടേഷൻ / ലേലക്കാരനോട് നികുതി ബാക്കിയെന്ന പോലെയോ മറ്റു വിധത്തിലോ വസൂലാക്കുന്നതും ലാഭമുണ്ടായാൽ ആദ്യ ക്വട്ടേഷൻ/ലേലക്കാരന് അവകാശ മില്ലാത്തതുമാണ്.

4. ക്വട്ടേഷൻ/ലേല നിശ്ചയപ്രകാരമുള്ള ദിവസങ്ങളിൽ കൂടുതലായി മേൽ പ്രസ്താവിച്ച സ്ഥലങ്ങളിൽ ക്വട്ടേഷൻ / ലേലക്കാരൻ കച്ചവടം നടത്തുകയോ, നിശ്ചിത നിരക്കിലധികം കൂലി പിരിക്കുകയോ അതാത് കച്ചവടങ്ങൾ ചെയ്യുവാൻ അനുവദിച്ച നിശ്ചിത സ്ഥലങ്ങളിൽ അല്ലാതെ കച്ചവടം ചെയ്യുവാൻ അനുവദിക്കുകയോ ചെയ്താൻ അത്തരം കുറ്റങ്ങൾക്ക് പിഴ ശിക്ഷ നിശ്ചയിക്കുവാനും വേണ്ടി വന്നാൽ ക്വട്ടേഷൻ / ലേലക്കാരനുമായുള്ള കരാർ റദ്ദ് ചെയ്യുവാനും ക്വട്ടേഷൻ/ലേല സ്ഥലങ്ങളിലുള്ള കുടിലുകൾ മുതലായവ വിറ്റ് സർക്കാരിലേക്ക്

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

മുതൽ കൂട്ടുവാനും കൊടുങ്ങല്ലൂർ തഹസിൽദാർക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

5. (എ) താലൂക്ക് ഓഫീസിന് തെക്ക് വശത്ത് കുളം നികത്തിയ സ്ഥലത്ത് റോഡരികിൽ തെക്ക് പടിഞ്ഞാറോട്ട് മുഖമായി ഷെഡുകൾ കെട്ടേണ്ടതും അവിടെ മാത്രം ഓട്, ചെമ്പ്, പിച്ചള, ഷാപ്പ സാമാനങ്ങൾ ജൗളി, മെത്തപ്പായ്, പുൽപ്പായ ഈറ്റ, പഞ്ഞി മുതലായവ മുൻ പതിവു പോലെ വ്യാപാരം നടത്തേണ്ടതാണ്.

(ബി) അണ്ടി, പൊരി, ഉഴുന്നാട, ഈന്തപ്പഴം, നാളികേരം മുതലായവ വടക്കേ നടയിൽ പാലത്തറക്ക് കിഴക്ക് ആൽത്തറവിട്ട് കിഴക്കോട്ടുള്ള സ്ഥലങ്ങളിൽ മാത്രം കച്ചവടം നടത്തേണ്ടതാകുന്നു.

(സി) മാല, പുസ്തകങ്ങൾ, ശീലത്തരങ്ങൾ, നിലത്ത് വിരിച്ചു ചെയ്യുന്ന കച്ചവടങ്ങൾ മുതലായവ കിഴക്കേനടയിൽ കമ്പിവേലിക്ക് കിഴക്ക് വശം ദേവസ്വം കൊട്ടാരത്തിലേക്ക് പോകുന്നതിന് തെക്ക് വടക്ക് ആറ് മീറ്റർ സ്ഥലം വിട്ട് ബാക്കി സ്ഥലത്ത് നടത്തേണ്ടതാണ്.

(ഡി) പലചരക്ക്, കായ്കനി മുതലായ മറ്റെല്ലാത്തരം കച്ചവടങ്ങളും തെക്കേ കുളത്തിന് കിഴക്ക് വശത്തുള്ള മൈതാനസ്ഥലത്ത് വെച്ച് നടത്തേണ്ടതാണ്.

(ഇ) കാപ്പി, ചായ, പലഹാരം, ഹോട്ടൽ മുതലായ കച്ചവടങ്ങൾ പോസ്റ്റാഫീസിന്റെ മതിൽ ഒഴിവാക്കി വെടിപ്പുരവരെയുള്ള സ്ഥലത്ത് കുടിലുകൾ കിഴക്കോട്ടും വടക്കോട്ടും മുഖമായി കെട്ടി അവയിൽ മുൻ പതിവനുസരിച്ച് നടത്തേണ്ടതാണ്.

മേൽ വിവരിച്ച വകുപ്പുകളിൽ ഭേദഗതി വരുത്തുന്നതിനും മേൽപറഞ്ഞ പുറമ്പോക്കു സ്ഥലങ്ങളിൽ കുടിലുകൾ കെട്ടുന്നതും, കച്ചവടം നടത്തുന്നതും നിരോധിക്കുവാനുള്ള അവകാശം കൊടുങ്ങല്ലൂർ തഹസിൽദാർക്ക് ഉണ്ടായിരിക്കുന്നതും, അപ്രകാരമുള്ള തീരുമാനങ്ങൾ കമ്മട്ടേഷൻ/ ലേലക്കാരൻ അനുസരിക്കുവാൻബാദ്ധ്യസ്ഥനുമായിരിക്കും. വീഴ്ചവരുത്തിയാൽ 4-ാം വകുപ്പ് പ്രകാരമുള്ള ശിക്ഷകൾക്ക് കമ്മട്ടേഷൻ / ലേലക്കാരൻ വിധേയനാകുന്നതുമായിരിക്കും.

6. ഓഫീസുകളുടെ പ്രവർത്തനങ്ങൾക്ക് അസൗകര്യം ഉണ്ടാകാത്ത വിധത്തിൽ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ വൈകുന്നേരം 5 മണി വരെ കുട്ടേഷൻ / ലേലത്തിൽപ്പെട്ട സ്ഥലങ്ങളിൽ ഉച്ചഭാഷിണി ഉപയോഗിക്കുകയോ മറ്റുള്ളവരെ ഉപയോഗിക്കുവാൻ അനുവദിക്കയോ ചെയ്യാൻ പാടുള്ളതല്ല.

7. ക്ഷേത്രവളപ്പിൽ കമ്പി വേലിക്കകത്ത് യാതൊരു വിധ വ്യാപാരങ്ങളും നടത്താൻ കുട്ടേഷൻ / ലേലക്കാരനെ അനുവദിക്കുന്നതല്ലാത്തതും ടി സ്ഥലങ്ങളിൽ കർപ്പൂരം, മഞ്ഞൾ മുതലായ സാധനങ്ങൾ ഈ വർഷത്തെ ദേവസ്വം കുത്തകക്കാർക്കല്ലാതെ വേറെ ആർക്കും വ്യാപാരം ചെയ്യുവാൻ പാടില്ലാത്തതുമാണ്.

8. കച്ചവടക്കാരിൽ നിന്നും താഴെ ചേർക്കുന്ന നിരക്കുപ്രകാരം സംഖ്യ ഈടാക്കേണ്ടതാണ്. ഈ നിരക്ക് കൂട്ടുവാനോ കുറക്കുവാനോ ഉള്ള അധികാരം കൊടുങ്ങല്ലൂർ തഹസിൽദാർക്ക് ഉണ്ടായിരിക്കുന്നതാണ്. സംഖ്യ ഈടാക്കുമ്പോൾ അച്ചടിച്ച ഫോറത്തിൽ രശീത് നൽകേണ്ടതും ആയതിന്റെ കൗണ്ടർ ഫോയിൽ കോൺട്രാക്ട് കാലം കഴിഞ്ഞ് ഒരു മാസം വരെ സൂക്ഷിക്കേണ്ടതും ആവശ്യപ്പെട്ടാൽ ഈ ആഫീസിൽ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

9. കുട്ടേഷൻ / ലേലക്കാരന്റെ സ്വന്തം ചെലവിന്മേൽ കെട്ടിയുണ്ടാക്കിയ കുടിലുകളിൽ വെച്ച് കച്ചവടം ചെയ്യുന്നതിന് താഴെ കാണിക്കുന്നതിൽ ഇരട്ടിയും കുടിലുകളുടെ മുൻവശം കെട്ടുന്ന പന്തലിന് 1½ ഭാഗം നിരക്കും കൂടി വസൂലാക്കാവുന്നതും അപ്രകാരം കച്ചവടം ചെയ്യുന്നതിന് മുമ്പായി കച്ചവടക്കാരൻ ടി സ്ഥലങ്ങളിൽ പ്രവേശിച്ച് കുട്ടേഷൻ / ലേലക്കാരനുള്ള സംഖ്യ കൊടുക്കേണ്ടതും കുട്ടേഷൻ / ലേലക്കാരൻ സംഖ്യവാങ്ങി രശീതി കൊടുക്കേണ്ടതുമാണ്.

10. കുട്ടേഷൻ/ലേലക്കാരന്റെ പേരിൽ സർക്കാരിലേക്ക് തരേണ്ടതായ എല്ലാ സംഖ്യകളും കച്ചവടക്കാരിൽ നിന്ന് കുട്ടേഷൻ/ലേലക്കാരൻ ന്യായമായി കിട്ടേണ്ട സംഖ്യകളും വേണ്ടി വന്നാൽ നികുതി ബാക്കിയെന്നപോലെ അതാത് ആളുകളിൽ നിന്ന് ഈടാക്കുന്നതിന് കൊടുങ്ങല്ലൂർ തഹസിൽദാർക്ക് അധികാരമുള്ളതാകുന്നു.

മിനി സിവിൽ സ്റ്റേഷൻ, കോടതി, ഗവൺമെന്റ് ഹോസ്പ്പിറ്റൽ, മുനിസിപ്പാലിറ്റി, സ്കൂൾ മുതലായ സർക്കാർ സ്ഥാപനങ്ങളുടെ മുൻവശത്ത് ഗതാഗതം തടസ്സപ്പെടുത്തുന്ന രീതിയിൽ കച്ചവടക്കാരെ അനുവദിക്കാൻ പാടില്ലാത്തതാണ്.

11.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**പട്ടിക**

| ക്രമ നം. | ഇനവിവരം | നിരക്ക് (രൂപ) |
|---|---|---|
| 1. | കാപ്പി, ചായ, വിൽപ്പനക്ക് (ച.മീ. 1 ന്) | 3.00 |
| 2. | പലഹാരം, വിൽപ്പനക്ക് (ച.മീ. 1 ന്) | 3.00 |
| 3. | ഹോട്ടൽ, വിൽപ്പനക്ക് (ച.മീ. 1 ന്) | 5.00 |
| 4. | ഷാപ്പ കച്ചവടം, വിൽപ്പനക്ക് (ച.മീ. 1 ന്) | 3.00 |
| 5. | പുസ്തകം, വിൽപ്പനക്ക് (ച.മീ. 1 ന്) | 0.50 |
| 6. | ജൗളി, വിൽപ്പനക്ക് (ച.മീ. 1 ന്) | 1.00 |
| 7. | നിലത്തുവിരിച്ച കച്ചവടം, വിൽപ്പനക്ക് (ച.മീ. 1 ന്) | 1.00 |
| 8. | പലചരക്ക്, വിൽപ്പനക്ക് (ച.മീ. 1 ന്) | 1.00 |
| 9. | മെത്തപ്പായ 2 ന്<br>തഴപ്പായ 1 ന് | 0.50<br>1.00 |
| 10. | പൊരി, ഉഴുന്നാട, കൂട്ട 1 ന് | 1.00 |
| 11. | മാല കച്ചവടം (ച.മീ 1 ന്) | 1.00 |
| 12. | മൂക്കുപണ്ടങ്ങൾ (ച.മീ 1 ന്) | 1.00 |
| 13. | ചെമ്പ് ഒട്, മാതലായവ (ച.മീ 1 ന്) | 6.00 |
| 14. | അലൂമിനിയം (ച.മീ 1 ന്) | 3.00 |
| 15. | മധുരനാരങ്ങ ചുമട് 1 ന് | 5.00 |
| 16. | നാളികേരം 100 എണ്ണം | 5.00 |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | | |
|---|---|---|
| 17. | ഇഞ്ചക്കോൽ 1 Sq.m ന് | 1.00 |
| 18. | അടയ്ക്ക, കായ്കനികൾ, ചട്ടി മുതലായവ ചുമട് 1 ന് | 0.50 |
| 19. | കോഴി 1 ന് | 0.50 |
| 20. | വിശറി 1 ന് | 0.50 |
| 21. | സോഡാഫാക്ടറി (ച.മീ. 1 ന്) | 3.00 |

വ്യാപാരം പ്രദർശനം മറ്റ് വിനോദ കാഴ്ച്ചകൾ നടത്തുന്നതിന് നിലവിലുള്ള മറ്റ് നിബന്ധനകൾ ഇതിനും ബാധകമായിരിക്കും.

ഒപ്പ്/-

തഹസിൽദാർ

താലൂക്ക് ഓഫീസ്, കൊടുങ്ങല്ലൂർ,

തീയ്യതി : 07.11.2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## കളക്ടറേറ്റ് പാലക്കാട്

[2007 ലെ – കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) ആക്ട്, വകുപ്പ് 6(1)(b)]

(ഹാജർ ശ്രീമതി. മാധവിക്കുട്ടി എം.എസ്, ഐ.എ.എസ് ജില്ലാ മജിസ്ട്രേറ്റ് & ജില്ലാ കളക്ടർ പാലക്കാട്)

## ഉത്തരവ്

DCPKD/13097/2025-SC1 06-11-2025

പാലക്കാട് ജില്ലാ ഒറ്റപ്പാലം താലൂക്കിൽ നെല്ലായ വില്ലേജിൽ കടുംമുടിയിൽ വീട്ടിൽ സിറാജുദ്ദീൻ മകൻ 34 വയസുള്ള മുഹമ്മദ് മുനീർ പേർക്ക്

അന്യായമായി തടസ്സം സൃഷ്ടിക്കുക, സ്വേച്ഛയാ ദേഹോപദ്രവം ഏൽപ്പിക്കുക. അപായകരമായ ആയുധങ്ങളാലോ മറ്റു മാർഗ്ഗങ്ങളിലൂടെയോ സ്വേച്ഛയാ ദേഹോപദ്രവം ഏൽപ്പിക്കുക, അപായകരമായ ആയുധങ്ങളാലോ മറ്റു മാർഗ്ഗങ്ങളിലൂടെയോ സ്വച്ഛയാ കഠിനമായ ദേഹോപദ്രവം ഏൽപ്പിക്കുക. കുറ്റകരമായി ഭയപ്പെടുത്തുക, കുറ്റകരമായ നരഹത്യചെയ്യുവാനുള്ള ശ്രമം. കൂട്ടായ്മക്കവർച്ച നടത്തുക. കുറ്റകരമായ വിശ്വാസവഞ്ചന നടത്തുക, ചതിക്കുകയും വസ്തുക്കളെ കൊടുക്കാനായി നേരുകേടായി പ്രചോദിപ്പിച്ച് അതിനിടയാക്കുകയും ചെയ്യുക. നഷ്ടം വരുത്തുന്ന തരത്തിൽ ദ്രോഹം ചെയ്യുക. ചതിക്കുന്നതിന് വേണ്ടി വ്യാജ നിർമ്മാണം നടത്തുക, ദേഹോപദ്രവത്തിനോ കയ്യേറ്റത്തിനോ അന്യായമായ തടസ്സത്തിനോ ഒരുക്കം കൂട്ടിയതിനുശേഷമുള്ള ഭവനഭേദനം തുടങ്ങിയ ഗുരുതര സാമൂഹ്യ വിരുദ്ധ പ്രവർത്തികളിലും മറ്റും സ്ഥിരമായി ഏർപ്പെട്ടു വരുന്ന അപകടകാരിയായ ഒരു കുറ്റവാളിയായതിനാൽ താങ്കളെ അത്തരം സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നത് തടയുന്നതിനായി 129(e) BNSS നടപടികൾ സ്വീകരിക്കുന്നതിന് No. 132 MSD/2025 Dtd 19.08.2025 ആയി മണ്ണാർക്കാട് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിന്റെ ശിപാർശയോട്ട കൂടി ബഹു.ഒറ്റപ്പാലം സബ് ഡിവിഷണൽ മജിസ്ട്രേറ്റ് കോടതിക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതും ആയത് ബഹു. കോടതിയുടെ പരിഗണനയിലിരുന്നിട്ടും താങ്കളുടെ തുടർച്ചയായുള്ള ഇത്തരം കുറ്റകൃത്യങ്ങൾ ഈ പ്രദേശത്തുള്ള പൊതുജനങ്ങളുടെ സമാധാനത്തിനും സുരക്ഷിതത്വത്തിനും ഭീഷണിയായി തീർന്നിട്ടുള്ള സാഹചര്യത്തിലും ആയതിനാൽ താങ്കളെ നിരന്തരം നിരീക്ഷിക്കുന്നതിനായി മണ്ണാർക്കാട് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിൻറെ ഉത്തരവ് നമ്പർ No. G-38/2022/MS dated 11.06.2022 പ്രകാരം താങ്കളുടെ പേരിൽ റൗഡി ഹിസ്റ്ററി ഷീറ്റ് തുറന്ന് നിരീക്ഷിച്ച് വന്നിട്ടും 2024 വർഷത്തിൽ DCPKD/12681/2024-Si Dated 25.10.2024 ഉത്തരവിന്റെ അടിസ്ഥാനത്തിൽ കരുതൽ തടങ്കലിന് വിധേയനായിട്ടും ആയതിൽ നിന്നും ഒരു പാഠവുമുൾക്കാള്ളാതെ താങ്കൾ കേരള സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ തടയൽ നിയമം 2007 ലെ വകുപ്പ് 2007 ലെ 2(t)(i), 2(t)(ii) വിഭാഗത്തിൽപ്പെടുന്ന കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ട് ടി നിയമത്തിലെ 2(p)(iii) r/w 2(t) പ്രകാരം 'അറിയപ്പെടുന്ന റൗഡി'യായി തുടർന്ന് വരുന്നതിനാൽ താങ്കളെ ഇത്തരം സാമൂഹ്യവിരുദ്ധ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

പ്രവൃത്തികളിൽ നിന്നും തടഞ്ഞ് പൊതുജനാരോഗ്യവും പൊതുസമാധാനവും സംരക്ഷിക്കുന്നതിനായി ജില്ലാ പോലീസ് മേധാവി 24.09.2025 തീയതി No.137/Camp/2025-P-KAA(P) A ശിപാർശ സമർപ്പിച്ചിട്ടുള്ളതും പ്രസ്തുത ശിപാർശയും അനുബന്ധ രേഖകളും പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ താങ്കളുടെ സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ തടയുന്നതിനായി കരുതൽ തടങ്കൽ അല്ലാതെ മറ്റിതര മാർഗ്ഗങ്ങൾ ഇല്ലായെന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ താങ്കൾക്കെതിരെ കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ(തടയൽ) നിയമം 2007 വകുപ്പ് 3(1), 13(2) പ്രകാരം DCPKD/13097/2025-SC1 Dated 18.10.2025 നം തടങ്കൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്.

പ്രസ്തുത ഉത്തരവ് നടപ്പിലാക്കുന്നതിനായി ജില്ലാ പോലീസ് മേധാവിയെ ചുമതലപ്പെടുത്തിയിരുന്നു. കരുതൽ തടങ്കലിന് വിധിക്കപ്പെട്ട താങ്കളെ അറസ്റ്റ് ചെയ്ത് തടങ്കൽ ഉത്തരവ് നടപ്പിലാക്കുന്നതിന് സാധ്യമായ എല്ലാ മാർഗ്ഗങ്ങളും പോലീസ് നടത്തിയെന്നും എന്നാൽ താങ്കളെ അറസ്റ്റ് ചെയ്ത് കരുതൽ തടങ്കൽ ഉത്തരവ് നടപ്പാക്കാൻ സാധിക്കാത്തവിധം താങ്കൾ ഒളിവിൽ പോയിട്ടുള്ളതാണെന്നും ആയതിനാൽ കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമം 2007 വകുപ്പ് 6(1) പ്രകാരം നടപടി സ്വീകരിക്കുന്നതിനായി ജില്ലാ പോലീസ് മേധാവി റിപ്പോർട്ട് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിലും ശ്രീ.മുഹമ്മദ് മുനീർ വയസ് 24 S/o സിറാജുദ്ദീൻ ഒളിവിൽ പോയിട്ടുണ്ടെന്ന് (അല്ലെങ്കിൽ മുൻപറഞ്ഞ കരുതൽ തടങ്കൽ ഉത്തരവ് നടത്തപ്പെടുന്നതിൽ നിന്ന് ഒഴിഞ്ഞുമാറാൻ വേണ്ടി സ്വയം ഒളിച്ചിരിക്കുകയാണെന്ന്) എനിക്ക് ബോദ്ധ്യപ്പെട്ടതിനാലും 2007-ലെ കേരള സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) ആക്ട്സ് (2007-ലെ 34) 6 ആം വകുപ്പ് (1) ഉപവകുപ്പ്(b) പ്രകാരം എന്നിൽ നിക്ഷിപ്തമായ അധികാരം വിനിയോഗിച്ച്, പാലക്കാട് ജില്ലയിലെ മേൽപ്പറഞ്ഞ ശ്രീ.മുഹമ്മദ് മുനീർ വയസ് 24 S/o സിറാജുദ്ദീൻ എന്ന താങ്കളോട് ഉത്തരവ് തീയതി മുതൽ 30 ദിവസത്തിനകം ചെർപ്പുളശ്ശേരി പോലീസ് സ്റ്റേഷൻ ഹൗസ് ഓഫീസർ മുമ്പാകെ നേരിട്ട് ഹാജരാകണമെന്ന് ഞാൻ ഇതിനാൽ ഉത്തരവാകുന്നു. അല്ലാത്തപക്ഷം താങ്കൾക്കെതിരെ 2007-ലെ കേരള സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) ആക്ട്സ് (2007-ലെ 34) 6 ആം വകുപ്പ് (3) ആം ഉപവകുപ്പ് പ്രകാരം തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

കളക്ടറേറ്റ്, പാലക്കാട് ഒപ്പ്

ജില്ലാ മജിസ്ട്രേറ്റ് & ജില്ലാ കളക്ടർ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**FORM 'A'**
**( See rule 4)**
**NOTIFICATION**

RDOVDK/1776/2025-C1 Date : 03/11/2025

WHEREAS it is expedient to publish the fair value of land as required under section 28 A of the Kerala Stamp Act, 1959 read with rule 4 of the Kerala Stamp (Fixation of Fair Value of Land ) Rules, 1995.

Now, THEREFORE, it is hereby made known to the public that the fair value fixed for the land mentioned against each serial number, in respect of the land situated in the survey / re survey numbers of the Village and Taluk mentioned against each, shall be as shown against it in column (11) thereof.

**SCHEDULE**

District : Kozhikode Village : Ulliyeri
Taluk : Koyilandy Desom : Kunnathara

| Serial Number | Survey Number | Sub Division Number | Re-Survey Block | Re - Survey Number | Re-Survey Sub Division Number | Panchayath or Municipality or Corporation | Name of Local Body Panchayath / Municipality / Corporation | Name and Number of Ward | Classification by use | *Fair Value per Are |
|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
| | | | | 27 | 5 | Panchayath | Ulliyeri Panchayath | - | Wetland | 10,000/- |

** The above mentioned fairvalue does not includes any enhanced value notified by the government.*

(Sd/-)
Revenue Divisional Officer,
Revenue Divisional Office, Vatakara

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

DCWYD/3474/2025 10/11/2025

**ലേല പരസ്യം**

വയനാട് ജില്ലയിൽ വൈത്തിരി താലൂക്ക് കൽപ്പറ്റ വില്ലേജ് ബ്ലോക്ക് 19 റീസർവ്വെ നമ്പർ 88/1 pt ൽ പ്പെട്ടതും ചൂരൽമല മുണ്ടക്കൈ ഉരുൾപൊട്ടൽ ദുരന്തബാധിതരുടെ പുനരധിവാസത്തിനുള്ള വയനാട് ടൗ ൺഷിപ്പ് നിർമ്മിയ്ക്കുന്നതിന് വേണ്ടി ഏറ്റെടുത്ത ഭൂമിയിൽ വൈദ്യുതി ടവറിന്റെ നിർമ്മാണ പ്രവൃത്തികൾക്ക് തടസ്സമായി നിൽക്കുന്ന 20 മരങ്ങൾ 14.11..205 ന് രാവിലെ 11.00 മണിയ്ക്ക് കൽപ്പറ്റ വില്ലേജ് ഓഫീസ് പരിസരത്ത് വച്ച് ഡെപ്യൂട്ടി കളക്ടർ (എൽ.എ.) പരസ്യമായി ലേലം ചെയ്ത് വിൽക്കുന്നതാണ്. ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിയ്ക്കുന്നവർ അന്നേ ദിവസം 10,000/- രൂപ നിരത ദ്രവ്യം കെട്ടിവച്ച് ലേലത്തിൽ പങ്കെടുക്കാവുന്നതാണ്. ഏറ്റവും കൂടുതൽ തുകയ്ക്ക് ലേലം വിളിക്കുന്ന ആളിന്റെ പേരിൽ ലേലം സ്ഥിരപ്പെടുത്തുന്നതും ലേലം കൊണ്ടയാൾ ലേല തുകയുടെ 1/3 ഭാഗം അപ്പോൾത്തന്നെ അടയ്ക്കേണ്ടതുമാണ്. ബാക്കി ലേലത്തുക, ആകെ ലേലത്തുകയുടെ 5% വന വികസന നികുതിയും, ആകെ ലേലത്തുക വനവികസന നികുതി എന്നിവ കൂട്ടിയുള്ള തുകയുടെ 18% ചരക്ക് സേവന നികുതിയും ആകെ ലേലത്തുക, വനവികസന നികുതി, ചരക്ക് സേവന നികുതി ഇവയെല്ലാം കൂട്ടിയ തുകയുടെ 2 % വരുമാന നികുതിയും ഉൾപ്പെടെയുള്ള തുക ലേലം സ്ഥിരീകരിച്ച് 7 ദിവസത്തിനകം കൽപ്പറ്റ വില്ലേജ് ഓഫീസിലോ, വൈത്തിരി താലൂക്ക് ഓഫീസിലോ ട്രഷറിയിലോ ഒടുക്കി ടി തടി സ്വന്തം ചിലവിൽ ആർക്കും നാശനഷ്ടമുണ്ടാകാത്ത രീതിയിൽ മരം ലേലത്തിൽ എടുത്തയാൾ സ്ഥലത്തുനിന്നും നീക്കം ചെയ്യേണ്ടതാണ്. ലേലം ജില്ലാ കളക്ടറുടെ അംഗീകാരത്തിന് വിധേയമായിരിക്കും.

**മരത്തിന്റെ വിവരങ്ങൾ**

| ക്രമ നമ്പർ | മരത്തിന്റെ നമ്പർ | ഇനം | വണ്ണം (in C.M) | തടിയുടെ വ്യാപ്പ്തം (ഘന മീറ്ററിൽ) | വിറകിന്റെ വ്യാപ്പ്തം (മെട്രിക് ടണ്ണിൽ) |
|---|---|---|---|---|---|
| 1 | T913 | തെങ്ങ് | 80 | 0.000 | 0.298 |
| 2 | T914 | പ്ലാവ് | 205 | 1.82 | 1.068 |
| 3 | T915 | കുന്നിവാക | 155 | 1.065 | 0.451 |
| 4 | T916 | തെങ്ങ് | 75 | 0.00 | 0.257 |
| 5 | T917 | തെങ്ങ് | 85 | 0.00 | 0.343 |
| 6 | T918 | തെങ്ങ് | 65 | 0.00 | 0.183 |
| 7 | T916 | തെങ്ങ് | 70 | 0.00 | 0.174 |
| 8 | T920 | തെങ്ങ് | 90 | 0.00 | 0.388 |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | | | | | |
|---|---|---|---|---|---|
| 9 | T921 | പൂവാക | 60 | 0.00 | 0.194 |
| 10 | T922 | ഞാവൽ | 60 | 0.00 | 0.194 |
| 11 | T923 | തെങ്ങ് | 80 | 0.00 | 0.298 |
| 12 | T924 | മണിമരുത് | 60 | 0.00 | 0.707 |
| 13 | T925 | വേങ്ങ | 90 | 0.146 | 0.226 |
| 14 | T926 | ഞാവൽ | 70 | 0.00 | 0.194 |
| 15 | T54 | സിൽവ റോക്ക് | 150 | 0.932 | 0.373 |
| 16 | T36 | സിൽവ റോക്ക് | 195 | 1.659 | 1.831 |
| 17 | T62 | സിൽവ റോക്ക് | 145 | 0.932 | 0.373 |
| 18 | T63 | സിൽവ റോക്ക് | 150 | 0.932 | 0.373 |
| 19 | T75 | സിൽവ റോക്ക് | 155 | 1.065 | 0.451 |
| 20 | T74 | സിൽവ റോക്ക് | 175 | 1.352 | 0.654 |
| തടിയുടെ ഉദ്ദേശ വില-1,50,000 | | | | | |
| വിറകിന്റെ ഉദ്ദേശ വില- 13500 | | | | | |
| ആകെ- 163500 | | | | | |
| (ഒരു ലക്ഷത്തി അറുപത്തി മൂന്നായിരത്തി അഞ്ഞൂറ് രൂപ) | | | | | |

ഒപ്പ്
ഡെപ്യൂട്ടി കലക്ടർ (എൽ എ)
ജില്ലാകലക്ടർക്കുവേണ്ടി

ജില്ലാ കളക്ടറുടെ കാര്യാലയം
വയനാട് കൽപ്പറ്റ

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2025.11.11 03:09:16 +05:30